# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2521

18/7/2011-ൽ നൽകിയ താല്കാലിക മറുപടിയ്ക്കുള്ള പൂർണ്ണമറുപടി

# കുട്ടനാട് പാക്കേജിൽപ്പെടുത്താൻ അമ്പലപ്പുഴ മണ്ഡലത്തിൽ പരിഗണനയിലുള്ള കാർഷികമേഖലകൾ

ചോദ്യം

ശ്രീ. ജി. സുധാകരൻ

(എ) അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട പുറക്കാട്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക് എന്നീ പഞ്ചായത്തുകളിലും ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി, തിരുമല പ്രദേശങ്ങളിലുമുള്ള കാർഷിക മേഖലകളെ കുട്ടനാട് പാക്കേജിൽപ്പെടുത്തി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ ഏവ; ഓരോ പദ്ധതികളുടേയും അടങ്കൽ എത്ര; അതിൽ അംഗീകാരം കിട്ടിയ പദ്ധതികളും അടങ്കൽ തുകകളും എത്ര;

ഉത്തരം

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെട്ട പുറക്കാട്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക് ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി, തിരുമല എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതാണ്.

1. പാടശേഖരങ്ങളിലെ പുറംബണ്ട് നിർമ്മാണം
2. തണ്ണീർമുക്കം ബണ്ടിന്റേയും തോട്ടപ്പള്ളി സ്പിൽവേയുടേയും നിർമ്മാണം.
3. കർഷകർക്ക് കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കൽ
4. ഗുണനിലവാരമുള്ള വിത്തുകൾ കുട്ടനാട്ടിലെ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുക.
5. ഉത്പാദന ശേഷി കുറഞ്ഞവ മാറ്റി പുതിയ തൈകൾ വച്ച് പിടിപ്പിക്കുക
6. ഗവേഷണം ശക്തിപ്പെടുത്തുക
7. അത്യുത്പാദനശേഷിയുള്ള പശുക്കളുടേയും ആടുകളുടേയും വിതരണം.
8. മത്സ്യക്കുഞ്ഞുങ്ങളുടേയും കൊഞ്ചിൻകുഞ്ഞുങ്ങളുടേയും വിതരണം.
9. പോള നീക്കം ചെയ്യൽ

ഓരോ പദ്ധതികളുടേയും അടങ്കൽ തുകയും അവയുടെ കീഴിൽ അനുവദിച്ച തുകയും, റിലീസ് ചെയ്ത തുകയും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

| | |
|---|---|
| (ബി) മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പോള നിറഞ്ഞു കിടക്കുന്ന പ്രധാന തോടുകളും കനാലുകളും ഏതെല്ലാം; അവയുടെ ദൈർഘ്യം എന്തുവരും; ഇവ നീക്കി ഗതാഗതം സുഗമമാക്കാനും പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനും കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏവ; അവയുടെ അടങ്കൽ തുക എത്ര; അവ എന്നാണ് നടപ്പിലാക്കുന്നത്? | (ബി) കുട്ടനാട് പാക്കേജിൻകീഴിൽ ഫിർമ മുഖേന നടപ്പാക്കുന്ന പോള നിവാരണ പദ്ധതിയിൻ കീഴിൽ കഞ്ഞിരംതോട്, പുത്തൻതോട്, കോടൂരത്ത്, ബോട്ട്ജെട്ടി തോട്, എ സി കനാൽ എന്നിവിടങ്ങളിൽ നിന്ന് 209196 $m^3$ പോള 2014 മാർച്ച് വരെ നീക്കം ചെയ്തതായി ഫിർമ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എ എസ് കനാൽ - ആലപ്പുഴ മുനിസിപ്പാലിറ്റി, നീലമ്പേരൂർ -കോട്ടയം മുനിസിപ്പാലിറ്റി, ആര്യാട് പഞ്ചായത്ത് എന്നിവിടങ്ങളിലായി ടി പദ്ധതി പുരോഗമിക്കുന്നു. ടി പദ്ധതിയുടെ ഡിപിആർ പ്രകാരം 256 Sq കിമി വിസ്തീർണ്ണം വരുന്ന വേമ്പനാട് കായലിൽ നിന്നും 3 ലക്ഷം cubic മീറ്റർ പോള നീക്കം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. RKVY സ്കീമിൽ ഫിർമ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 166 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും കോടിമാതായിൽ ഒരു ബയോ ഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. 748 ഗുണഭോക്താക്കൾക്ക് വെർമി കമ്പോസ്റ്റിനെ കുറിച്ച് പരിശീലനവും നല്കിയിട്ടുണ്ട്. ടി പദ്ധതിയുടെ അടങ്കൽ തുക 22 കോടി രൂപയാണ്. സർക്കാർ ഉത്തരവ് നം. 441/2010/കൃഷി തീയതി 16/3/2010 പ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നു. ഫിർമ മുഖേന ലഭിച്ച റിപ്പോർട്ട് പ്രകാരം 2014 മാർച്ച് വരെ 13.834 കോടി രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിനായി ടി പദ്ധതിക്ക് പുറമേ വേറെ പദ്ധതികളൊന്നും കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്